4855
2/5/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീ.എ.കന്തസ്വാമി അരുണാചലം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച ഒ.എ.2330/14 ലെ നമ്പർ കേസിന്റെ 13/12/2014-ലെ ഉത്തരവിന്മേൽ തീർപ്പുകല്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം. 177/2015/വനം തീയതി,തിരുവനന്തപുരം, 27/04/2015

---

പരാമർശം: 1) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.2330/14 നമ്പർ കേസിലെ19/12/2014-ലെ ഉത്തരവ്

2) ശ്രീ.കന്തസ്വാമി അരുണാചലത്തിന്റെ 21/4/2014-ലെ അപേക്ഷ

ഉത്തരവ്

വനം വകുപ്പിൽ അച്ചൻ കോവിൽ തടി ഡിപ്പോയിൽ ദിവസക്കൂലി വാച്ചറായി ജോലി നോക്കിവരുന്ന ശ്രീ.കന്തസ്വാമി അരുണാചലം തനിക്ക് വനം വകുപ്പിൽ സ്ഥിര നിയമനം നൽകണം എന്നഭ്യർത്ഥിച്ച് Annexure A11 ആയി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും 19/12/2014-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തര്വുപ്രകാരം ടിയാൻ സർക്കാരിനു സമർപ്പിച്ച Annexure A11 അപേക്ഷ നിലവിലെ നിയമപ്രകാരം പരിശോധിച്ച് ടിയാന് നേരിൽ കേൾക്കാൻ അവസരം നൽകി തീർപ്പാക്കുവാൻ ഉത്തരവായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.കന്തസ്വാമി അരുണാചലത്തെ 27/3/2015-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) തിരുവനന്തപുരം ടിമ്പർ സെയിൽസ് ഡിവിഷനു കീഴിലുള്ള അച്ചൻ കോവിൽ തടി ഡിപ്പോയിൽ കഴിഞ്ഞ 30 വർഷത്തിലധികമായി താൽക്കാലിക അടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീ.കന്തസ്വാമി തന്നെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്ന് കാണിച്ച് സമർപ്പിച്ച അപേക്ഷയാണ് ഒ.എ.23340/14 നമ്പർ കേസിലെ Annexure A11. തനിക്ക് ക്ഷേമപെൻഷനുകൾ ഒന്നും തന്നെ ലഭിക്കുന്നില്ലെന്നും ഒരു എക്സ് ഗ്രേഷ്യാ പെൻഷനെങ്കിലും അനുവദിക്കുന്ന തരത്തിൽ സ്ഥിരപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

3) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.കന്തസ്വാമി ഹാജരാക്കിയിരുന്ന ആധാർ കാർഡ് പ്രകാരം ടിയാന്റെ

(തുടർച്ച.............2)

ജനനതീയതി 15/4/1956 ആണ്. ഇപ്പോൾ ടിയാന് 59 വയസ്സ് കഴിഞ്ഞിരിക്കുന്നു. നിലവിലെ നിയമപ്രകാരം ഒരു സ്ഥിരം തസ്തികയിൽ സ്ഥിരപ്പെടുത്തുവാനുള്ള പ്രായപരിധി കഴിഞ്ഞിരിക്കുന്നു. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാനോ പാർട്ട് ടൈം തസ്തികയിൽ നിയമിക്കുന്നതിനോ നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തിനാൽ ശ്രീ.കന്തസ്വാമി അരുണാചലം Annexure A11 ആയി സമർപ്പിച്ചിരിക്കുന്ന 21/09/2014 ലെ അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി.സുധീർ**

**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം
ശ്രീ.കന്തസ്വാമി അരുണാചലം [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന]
അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ